**പ്രാദേശിക മാധ്യമ പ്രവർത്തകർക്ക് അസംഘടിതത്തൊഴിലാളി**

**സാമൂഹ്യ സുരക്ഷാപദ്ധതിയിൽ അംഗങ്ങളാകാം**

ആലപ്പുഴ: സംസ്ഥാനത്തെ പ്രാദേശിക മാധ്യമ പ്രവർത്തകർക്കായി ക്ഷേമനിധി വേണമെന്ന ആവശ്യം പരിഗണിച്ച് സർക്കാര് സംസ്ഥാനത്തെ പത്ര-ദൃശ്യ-ഡിജിറ്റൽ മാധ്യമരംഗത്ത് പ്രവർത്തിക്കുന്നവർക്കും പത്ര ഏജന്റുമാർക്കും വിതരണക്കാർക്കും മറ്റ് ക്ഷേമനിധിയില് അംഗങ്ങളല്ലാത്ത തൊഴിലാളികൾക്കും കേരള സംസ്ഥാന അസംഘടിതത്തൊഴിലാളി സാമൂഹ്യ സുരക്ഷാപദ്ധതിയിൽ അംഗങ്ങളാകുന്നതിന് അവസരം ഒരുക്കുന്നു. പ്രസ്തുത അംഗങ്ങൾക്ക് കേരള അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ ബോർഡ് മുഖാന്തരമുള്ള താഴെ പറയുന്ന ആനുകൂല്യങ്ങൾ ലഭ്യമാകുന്നതാണ്.

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയില് കുറഞ്ഞത് ഒരു വർഷമെങ്കിലും അംഗത്വമുള്ളവർക്ക് 60 വയസ് പൂർത്തിയാകുന്ന മുറയ്ക്ക് അവരുടെ അംഗത്വകാലയളവിന് ആനുപാതികമായി റിട്ടയർമെന്റ് ആനുകൂല്യം അനുവദിക്കും. ഒരു വർഷം തുടർച്ചയായി അംശദായം അടച്ച വനിത അംഗത്തിന് പ്രസവ ധനസഹായമായി 15,000/ രൂപ വരെ ലഭിക്കുന്നതാണ്. ഒരു വർഷം തുടർച്ചയായി അംശദായം അടച്ച അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കൾക്കും പദ്ധതിയിലെ വനിതാ അംഗങ്ങൾക്കും വിവാഹ ധനസഹായമായി 10,000/ രൂപ ലഭിക്കുന്നതാണ്.

പദ്ധതിയിൽ അംഗമായിരിക്കെ 60 വയസ് പൂർത്തിയാക്കി വിരമിക്കുന്ന ആൾക്ക് ഇന്ദിരാഗാന്ധി നാഷണൽ ഓൾഡ് ഏജ് പെൻഷന് സ്കീം പ്രകാരം അതത് കാലങ്ങളിൽ സർക്കാര് നിശ്ചയിക്കുന്ന നിരക്കില് പെൻഷന് ലഭിക്കുന്നതാണ്. പദ്ധതിയിൽ കുറഞ്ഞത് 10 വർഷം അംശദായം അടച്ച് പെൻഷന് അർഹതയുള്ള അംഗം മരണമടഞ്ഞാൽ അയാളുടെ കുടുംബത്തിന് കുടുംബ പെൻഷനായി പ്രതിമാസം 300 രൂപ ലഭിക്കുന്നതാണ്. പദ്ധതിയിൽ കുറഞ്ഞത് 5 വർഷം തുടർച്ചയായി അംശദായം ഒടുക്കുകയും അപകടം മൂലം സ്ഥിരവും പൂർണ്ണവുമായ ശാരീരിക അവശത അനുഭവിക്കുന്ന അംഗത്തിന് അവശതാ പെൻഷനായി പ്രതിമാസം 1200/ രൂപ നൽകുന്നതാണ്. ഇതിനായി മെഡിക്കൽ ബോർഡ് നൽകുന്ന ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. പദ്ധതിയംഗങ്ങളുടെ മക്കൾക്ക് വിവിധ കോഴ്സുകൾക്ക് 750 രൂപ മുതല് 2500 രൂപ വരെ വിദ്യാഭ്യാസാനുകൂല്യമായി പ്രതിവർഷം നൽകിവരുന്നു. നിലവിൽ അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും സർക്കാര് ആശുപത്രികളിലോ ബോർഡ് അംഗീകരിച്ചിട്ടുള്ള ആശുപത്രികളിലോ ഇന് പേഷ്യന്റ് ആയുള്ള ചികിത്സയ്ക്ക് അംഗത്വ കാലയളവിനുള്ളിൽ പരമാവധി 10,000/ രൂപ ചികിത്സാ ധനസഹായമായി നൽകുന്നുണ്ട്.

പദ്ധതിയംഗങ്ങൾക്ക് മരണാനന്തര ആനുകൂല്യവും അപകട ആനുകൂല്യവും ലഭിക്കുന്നതിന് മുഴുവന് പദ്ധതി അംഗങ്ങളെയും സൗജന്യമായി പ്രധാൻമന്ത്രി ജീവൻജ്യോതി ഭീമായോജന പദ്ധതിയില് അംഗങ്ങളാക്കിയിട്ടുണ്ട്. പദ്ധതി അംഗം

മരണടഞ്ഞാൽ മരണാനന്തര ചെലവുകൾക്കായി 1000/ രൂപ നിധിയിൽ നിന്നും ആശ്രിതന് ലഭിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 10 വർഷത്തില് കൂടുതല് അംശദായം അടച്ച അംഗങ്ങൾക്ക് വിവാഹം, വീട് നിർമ്മാണം, സ്വയം തൊഴിൽ ചെയ്യൽ എന്നീ ആവശ്യങ്ങൾക്കായി 3 വർഷത്തിനുള്ളില് തിരിച്ചടയ്ക്കത്തക്ക വിധത്തിൽ പലിശരഹിത വായ്പയും അനുവദിക്കുന്നതാണ്. ജില്ലകളിലുള്ള കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡുകളുമായി ബന്ധപ്പെടാം, വിശദവിവരത്തിന് ഫോൺ: 0477 2242630.

**ദുരിതാശ്വാസ അഭയകേന്ദ്രം ഇന്ന് മന്ത്രി ഇ.ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്യും**

ആലപ്പുഴ: പ്രകൃതിക്ഷോഭങ്ങളിൽപ്പെടുന്നവർക്ക് താൽക്കാലിക ദുരിതാശ്വാസ കേന്ദ്രങ്ങളൊരുക്കുന്നതിന്റെ ഭാഗമായി ജില്ലയിൽ മാരാരിക്കുളത്ത് നിർമ്മിച്ച ദുരിതാശ്വാസ അഭയകേന്ദ്രം ഇന്ന് (ജൂൺ 18 ന്) രാവിലെ എട്ടിന് റവന്യൂ വകുപ്പു മന്ത്രി ഇ. ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്യും. മാരാരിക്കുളം വടക്ക് പഞ്ചായത്തിൽ ജനക്ഷേമം കോളനിയിലാണ് കെട്ടിടം.

മന്ത്രിമാരായ ഡോ. ടി.എം തോമസ് ഐസക്, ജി.സുധാകരൻ, പി. തിലോത്തമൻ, എ.എം ആരിഫ് എം.പി, ജില്ല പഞ്ചായത്ത് പ്രസിഡന്റ് ജി. വേണുഗോപാൽ, ജില്ല കളക്ടർ എ. അലക്സാണ്ടർ എന്നിവര് സംബന്ധിക്കും.

പ്രകൃതിക്ഷോഭ ഘട്ടങ്ങളിൽ ആളുകളെ മാറ്റിപാർപ്പിക്കാനുള്ള ദുരിതാശ്വാസ അഭയകേന്ദ്രങ്ങളിൽ ആദ്യത്തേതാണ് ജില്ലയിലേത്. രണ്ട് നിലകളുള്ള കേന്ദ്രത്തിൽ 800 പേരെ ഒരേ സമയം ഉൾക്കൊള്ളാം. സ്ത്രീകൾക്കും പുരുഷന്മാർക്കും ഭിന്നശേഷിക്കാർക്കും പ്രത്യേക താമസ സൗകര്യങ്ങള്, ശുചിമുറികള്, കുട്ടികൾക്കുള്ള പ്രത്യേക സൗകര്യം, പൊതു അടുക്കള, ജനറേറ്റർ എന്നിവയും ഈ കേന്ദ്രത്തിൽ ഉണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ഷെൽറ്റര് മാനേജ്മെന്റ് കമ്മിറ്റി കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളെ നിയന്ത്രിക്കും. പ്രകൃതിക്ഷോഭമില്ലാത്ത സമയങ്ങളില് കേന്ദ്രങ്ങള് എങ്ങനെ പ്രയോജനപ്പെടുത്താമെന്ന് ഈ സമിതികൾക്കു തീരുമാനിക്കാം.

3.5 കോടി രൂപയാണ് അഭയകേന്ദ്രത്തിന്റെ നിർമ്മാണ ചെലവ്. ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി പ്രകാരം 90 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് നടന്നുവരുന്നത്. ശരാശരി ആയിരം പേർക്ക് താമസിക്കാവുന്ന അഭയ കേന്ദ്രങ്ങളാണ് നിർമ്മിക്കുന്നത്. ഏഴ് ജില്ലകളിലായി 13 കേന്ദ്രങ്ങളുടെ ദുരിതാശ്വാസ അഭയകേന്ദ്രങ്ങളുടെ നിർമാണം പുരോഗമിക്കുന്നുണ്ട്. ഇതിന് പുറമേ, തിരുവനന്തപുരം, കോഴിക്കോട്, ആലപ്പുഴ ജില്ലകളിൽ ഓരോ കേന്ദ്രങ്ങള് കൂടി നിർമിക്കുവാന് ടെൻഡര് നടപടികളും പുരോഗമിക്കുന്നു. അഭയ കേന്ദ്രങ്ങളിൽ സ്ത്രീകൾക്കും പുരുഷന്മാർക്കം ഭിന്നശേഷിക്കാർക്കും പ്രത്യേക താമസ സൗകര്യങ്ങളുണ്ട്.

കൂടാതെ ശുചിമുറികൾ, അടുക്കള , ജനറേറ്റർ എന്നീ സൗകര്യങ്ങളും ഒരുക്കിയാണ് നിർമ്മാണം നടത്തുന്നത്. ദുരന്ത നിവാരണ അതോറിറ്റി ലോക

ബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പാക്കുന്നത്.

തീരപ്രദേശത്തു നിന്നും പത്ത് കിലോമീറ്ററിനുള്ളിൽ സർക്കാര് ഭൂമി കണ്ടെത്തിയാണ് നിർമ്മാണം നടത്തുന്നത്. കലക്ടർമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് ഇവയുടെ പ്രവർത്തനം. സ്കൂളുകളിലും മറ്റും ദുരിതാശ്വാസ ക്യാമ്പുകൾ ഒരുക്കുമ്പോള് ഉണ്ടാകുന്ന പ്രയാസങ്ങള് അഭയകേന്ദ്രങ്ങളൊരുങ്ങുന്നതിലൂടെ വലിയൊരളവ് പരിഹരിക്കപ്പെടും. കോവിഡ് നിയന്ത്രണങ്ങൾ പാലിച്ചുള്ള ലളിതമായ ചടങ്ങാണ് നടത്തുന്നത്.

**അമ്പലപ്പുഴ തെക്ക് പഞ്ചായത്തിലെ വിവിധ പദ്ധതികളുടെ**

**ആനുകൂല്യങ്ങൾക്ക് അപേക്ഷ ക്ഷണിച്ചു**

ആലപ്പുഴ: അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്തിലെ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട വിവിധ പദ്ധതികൾക്ക് ആനുകൂല്യം നൽകുന്നതുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾ ആനുകൂല്യവുമായി ബന്ധപ്പെട്ട് നിർവ്വഹണം നടത്തുന്ന ഓഫീസുകളായ കൃഷി ഓഫീസ്, വെറ്റിനറി ഓഫീസ്, ഗവ. എൽ.പി.എസ് അമ്പലപ്പുഴ എന്നിവിടങ്ങളിൽ നിന്നും പ്രവർത്തി ദിവസങ്ങളില് ലഭ്യമാണ്.

കൃഷി ഓഫീസ് വഴി അപേക്ഷ സമർപ്പിക്കേണ്ടത്:

വനിതകൾക്ക് പച്ചക്കറി കൃഷി ടെറസിലും മുറ്റത്തും, വനിതകൾക്ക് സമഗ്രതെങ്ങ് ഇടവിളകൃഷി വികസനം, സുഭിക്ഷ കേരളം പച്ചക്കറികൃഷി, സുഭിക്ഷ കേരളം കിഴങ്ങ് വർഗ്ഗ കൃഷി, സുഭിക്ഷകേരളം വാഴ കൃഷി, സുഭിക്ഷ കേരളം ഫലവൃക്ഷ തൈ വിതരണം.

വെറ്റിനറി ഓഫീസ് വഴി അപേക്ഷ സമർപ്പിക്കേണ്ടത്:

വനികൾക്ക് ആട് വിതരണം (എസ്.സി. വിഭാഗം), ആട് വിതരണം (എസ്.ടി. വിഭാഗം)

ഹെഡ്മാസ്റ്റർ ഗവ. എൽ.പി.എസ്. അമ്പലപ്പുഴ വഴി അപേക്ഷ സമർപ്പിക്കേണ്ടത്:

പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചര്, പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് ധനസഹായം.

**കുട്ടികൾക്കായി വായനാ മത്സരം സംഘടിപ്പിക്കുന്നു**

ആലപ്പുഴ : ജൂൺ 19 വായനാദിനത്തോടനുബന്ധിച്ചു കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ ബാലസഭാ കുട്ടികൾക്കായി വായന മത്സരം സംഘടിപ്പിക്കുന്നു.

വൈക്കം മുഹമ്മദ് ബഷീറിന്റെ ഭൂമിയുടെ അവകാശികൾ എന്ന ചെറുകഥയെ ആസ്പദമാക്കിയാണ് മത്സരം. ലോക്ക് ഡൗൺ കാലമായതിനാല് കുട്ടികള് ഈ കഥ വായിച്ച് വായന അനുഭവം ഒരു ലഘുവിവരണം ആയി മൊബൈൽ വീഡിയോ എടുക്കുകയാണ് ചെയ്യേണ്ടത്. വീഡിയോയിൽ കുട്ടികളുടെ പേര്, ക്ലാസ്, ബാലസഭ, പഞ്ചായത്ത്/നഗരസഭ എന്നിവയും ഉൾപ്പെടുത്തണം. ഈ വീഡിയോ അതത് കുടുംബശ്രീ സി.ഡി.എസ് കളിലേക്ക് അയച്ചു നൽകി മത്സരത്തിൽ പങ്കാളികളാകാം. ജൂൺ 19വരെ വീഡിയോ അയക്കാം. എല്ലാ മികച്ച അവതരണങ്ങളും ജില്ല ബാലസഭയുടെ ഫേസ്ബുക്ക് ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യും. ഏറ്റവും മികച്ച അവതരണത്തിന് പുരസ്കാരം നൽകും. പ്രസ്തുത പുസ്തകം ലഭ്യമല്ലാത്ത കുട്ടികൾക്കായി കഥയുടെ പിഡിഎഫ് പതിപ്പും സി.ഡി.എസുകൾ വഴി ലഭ്യമാക്കും. ബാലസഭയിൽ അംഗങ്ങളല്ലാത്ത 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് മത്സരത്തില് പങ്കെടുക്കാന് ആഗ്രഹമുണ്ടെങ്കിൽ അതത് സിഡിഎസുകളുമായി ബന്ധപ്പെട്ടാല് ബുക്കിന്റെ പിഡിഎഫ് പതിപ്പ് ലഭിക്കുമെന്നും കുടുംബശ്രീ ജില്ല മിഷൻ കോ-ഓർഡിനേറ്റര് അറിയിച്ചു.

--